**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐ.സി.ഡി.എസ്. SNA –SPARSH -അങ്കണവാടി സർവീസസ് ( ജനറൽ ) –K L 247 –അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം - 2026 മെയ് ( 2026 ജൂൺ മാസം ചെലവഴിക്കുന്നത്) - കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും - അനുവദിച്ചുത്തരവാകുന്നു

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 14/10/2025 ലെ CDII/21/02/2025CD-II നമ്പർ കത്ത്
2. കേന്ദ്ര സർക്കാരിന്റെ 10/04/2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്
3 കേന്ദ്ര സർക്കാരിന്റെ 23/05/2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്

**ഉത്തരവ് നം: DWCD/361/2026-ICDSB6 തീയതി: 02-06-2026**

വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാ വിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതി, സക്ഷം അങ്കണവാടി & പോഷന് അഭിയാന് 2.0 അംബ്രല്ല പദ്ധതിയില് ഉള്പ്പെട്ടിട്ടുള്ളതിനാല് SNA –SPARSH മൊഡ്യൂള് മുഖേന നടപ്പിലാക്കുന്നതിന് പരമാര്ശം (1 ) പ്രകാരം കേന്ദ്ര സര്ക്കാര് നിര്ദേശിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തില് 2025-26 സാമ്പത്തിക വര്ഷം മുതൽ സക്ഷം അങ്കണവാടി & പോഷന് അഭിയാന് 2.0 അംബ്രല്ല പദ്ധതിയില് ഉള്പ്പെട്ടിട്ടുള്ള കേന്ദ്രാ വിഷ്കൃത പദ്ധതിയായ അങ്കണവാടി സര്വീസസ് ( ജനറല് ) –KL 247 പദ്ധതിക്കായി RBI-ല് അക്കൗണ്ട് (Account No: 01585701218) ആരംഭിച്ച് SNA –SPARSH Module -ല് പദ്ധതി Map ചെയ്തിട്ടുണ്ട് .

2026-27 സാമ്പത്തിക വര്ഷം അങ്കണവാടി സര്വീസസ് (ജനറല്) പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര റിലീസ് ആയി 1790 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ടോക്കൺ മദർ സാങ്ഷൻ പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട്. 2026-27 സാമ്പത്തിക വര്ഷം 2235-02-102-18-02 എന്ന ശീര്ഷകത്തിൽ 13800 ലക്ഷം രൂപ സംസ്ഥാനം വകയിരുത്തിയിട്ടുണ്ട്. 2026-27 വർഷത്തിൽ മുൻ മാസങ്ങളിലെ കേന്ദ്ര വിഹിത ഹോണറേറിയം നൽകുന്നതിനായി ആകെ 44,32,92,972/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

പരാമർശം (3) പ്രകാരം മദർ സാങ്ഷൻ ആയി 3577.62 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.വകുപ്പിനു കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രവര്ത്തകര്ക്ക് 2026 മെയ് മാസത്തെ ഹോണറേറിയം (2026 ജൂൺ മാസം ചെലവഴിക്കുന്നത്) ഇനത്തില് അനുവദിക്കുന്നതിന് 60% കേന്ദ്ര വിഹിതവും 40% ആനുപാതിക സംസ്ഥാന വിഹിതവും ചേര്ത്ത് ആകെ 22,35,60,000/- രൂപ അവശ്യമുണ്ട്. ആയത് പ്രകാരമുള്ള വിശദാംശങ്ങള് ചുവടെ ചേര്ക്കുന്നു:

| | | | വർക്കർ | ഹെൽപ്പർ | |
|---|---|---|---|---|---|
| | | അങ്കണവാടികളുടെ | | | |

| ക്രമ നം. | ജില്ല | എണ്ണം | (Scheme Component: [02.01]AWW[KL]) | (Scheme Component: [02.02]AWH[KL]) | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 13774500 | 6887250 | 20661750 |
| 2 | കൊല്ലം | 2723 | 12253500 | 6126750 | 18380250 |
| 3 | പത്തനംതിട്ട | 1389 | 6250500 | 3125250 | 9375750 |
| 4 | ആലപ്പുഴ | 2150 | 9675000 | 4837500 | 14512500 |
| 5 | കോട്ടയം | 2050 | 9225000 | 4612500 | 13837500 |
| 6 | ഇടുക്കി | 1561 | 7024500 | 3512250 | 10536750 |
| 7 | എറണാംകുളം | 2858 | 12861000 | 6430500 | 19291500 |
| 8 | തൃശ്ശൂർ | 3016 | 13572000 | 6786000 | 20358000 |
| 9 | പാലക്കാട് | 2838 | 12771000 | 6385500 | 19156500 |
| 10 | മലപ്പുറം | 3808 | 17136000 | 8568000 | 25704000 |
| 11 | വയനാട് | 876 | 3942000 | 1971000 | 5913000 |
| 12 | കോഴിക്കോട് | 2938 | 13221000 | 6610500 | 19831500 |
| 13 | കണ്ണൂർ | 2504 | 11268000 | 5634000 | 16902000 |
| 14 | കാസർഗോഡ് | 1348 | 6066000 | 3033000 | 9099000 |
| | **ആകെ** | 33120 | 149040000 | 74520000 | 223560000 |

മേല് പട്ടികയില് ചേര്ക്കും പ്രകാരം വകുപ്പിന്റെ കീഴില് പ്രവര്ത്തിക്കുന്ന 14 ജില്ലകളിലെ അങ്കണവാടി പ്രവര്ത്തകര്ക്ക് 2026 മെയ് മാസത്തെ ഹോണറേറിയം (2026 ജൂണ് മാസം ചെലവഴിക്കുന്നത്) ഇനത്തില് വിതരണം ചെയ്യുന്നതിനായി ആകെ ആവശ്യമായി 22,35,60,000/- (ഇരുപത്തിരണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അങ്കണവാടി സര്വീസസ് ( ജനറല് ) പദ്ധതിയിലെ ഒരു കംപോണന്റ് ആയ ഹോണറേറിയം SNA-SPARSH Module മുഖേന അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസര്മാര്ക്ക് അനുവദിച്ചു ഉത്തരവാകുന്നു.

ജില്ലാ വനിതാ ശിശു വികസന ഓഫീസര്മാര് I C D S ആഫീസുകള്ക്ക് കീഴില് പ്രവര്ത്തിക്കുന്ന അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി (Anganwadi Worker @ Rs.4500/-, Anganwadi Helper @ Rs.2250) BAMS System മുഖേന ശിശുവികസന പദ്ധതി ആഫീസര്മാര്ക്ക് അനുവദിച്ച് നല്കേണ്ടതാണ്. ശിശുവികസന പദ്ധതി ആഫീസര്മാര് അനുവദനീയമായ ഹോണറേറിയം തുക അങ്കണവാടി വര്ക്കര്/ ഹെല്പര്മാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് SNA-SPARSH module മുഖേന ട്രാന്സ്ഫര് ക്രഡിറ്റ് ചെയ്ത് നല്കേണ്ടതാണ്.

ഇതിലേയ്ക്ക് ആവശ്യമായ 22,35,60,000/- (ഇരുപത്തിരണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരം) രൂപ മാത്രം നടപ്പ് സാമ്പത്തിക വര്ഷത്തെ 2235-02-102-18-02 ശീര്ഷകത്തില് നിന്നും വിനിയോഗിക്കേണ്ടതാണ്.പ്രസ്തുത തുകയില് 13,41,36,000/- രൂപ കേന്ദ്രവിഹിതവും 8,94,24,000/- രൂപ സംസ്ഥാന വിഹിതവുമാണ്.

ഇത്തരത്തില് അനുവദിക്കുന്ന തുക അങ്കണവാടി വര്ക്കര്ക്ക് [02.01]AWW[KL] എന്ന

കോംപണന്റ് മുഖേനയും അങ്കണവാടി ഹെൽപ്പർമാര്ക്ക് [02.02]AWH[KL]) എന്ന കോംപണന്റ് മുഖേനയുമാണ് മാറി നല്കുന്നത് എന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസര്മാര് ഉറപ്പ വരുത്തേണ്ടതാണ്.

V. VIGNESHWARI. IAS

**വനിത ശിശു വികസന ഡയറക്ടർ**

14 ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്ക്

പകർപ്പ്

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്ക്
3. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്ക്
4. ICDS A സെക്ഷൻ
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്